## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2305 — 08.03. 2017 ൽ മറുപടിക്ക്

### വൈദ്യുതി മോഷണവും ദുരുപയോഗവും

ചോദ്യം — ഉത്തരം

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുതി മോഷണവും ദുരുപയോഗവും നടക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിൽ നടപടികൾ എടുക്കാറുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ; | (എ) ലഭിച്ചിട്ടുണ്ട്. ഇത്തരം പരാതികളിൽ നടപടികൾ എടുക്കാറുണ്ട്. കേരളത്തിലെ 14 ജില്ലകളിലും എ.പി.റ്റി.എസിന്റെ പ്രത്യേകം സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. ഈ പതിനാലു ജില്ലകളിലും വൈദ്യുതി മോഷണവും ദുരുപയോഗവും നടക്കുന്നതായി പരാതി ലഭിക്കുമ്പോൾ അതാത് ജില്ലയിലെ യൂണിറ്റുകൾ ആ പരാതികളിന്മേൽ ബന്ധപ്പെട്ട ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും പരിശോധിക്കുകയും വൈദ്യുതി മോഷണമോ മറ്റ് ക്രമക്കേടുകളോ കണ്ടെത്തിയാൽ മാത്രം അത്തരം ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം പിഴ ഈടാക്കുകയും ചെയ്തു വരുന്നു. ഇതു കൂടാതെ ചീഫ് വിജിലൻസ് ഓഫീസറുടെ കാര്യലയത്തിലും, എ.പി.റ്റി.എസിന്റെ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയറുടെ കാര്യാലയത്തിലും നേരിട്ട് പരാതികൾ ലഭിക്കാറുണ്ട്. ഈ പരാതികളും അതത് ജില്ലകളിലെ എ.പി.റ്റി.എസ് യൂണിറ്റുകൾ പരിശോധന നടത്തി ക്രമ ക്കേടുകൾ കണ്ടെത്തിയാൽ അത്തരം ഉപഭോക്താക്കളിൽ നിന്നും പിഴ ഈടാക്കുകയും ചെയ്തു വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന വൈദ്യുതി മോഷണം സംബന്ധിച്ച ക്രമക്കേടുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന വൈദ്യുതി മോഷണം സംബന്ധിച്ച് ക്രമക്കേടുകളുടെ വിശദമായ വിവരം അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്. |
| (സി) വൈദ്യുതി ദുരുപയോഗം നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ | (സി) വൈദ്യുതി ദുരുപയോഗം നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്. |
| (ഡി) ഇത്തരം സ്ഥപനങ്ങളുടെ വിവരം പരസ്യപ്പെടുത്തുമോ? | (ഡി) ഇത്തരം സ്ഥാപനങ്ങളുടെ വിവരം പരസ്യപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്